05/11/21

DESPATCHED
On.....15/11/21.........

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email: sic.ker@nic.in

## ഹർജി നമ്പർ **AP.No.657(5)/21/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## **File No. 3948/SIC-G7/2021**

**സന്നിഹിത**
**ശ്രീമതി ശ്രീലതപി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

Shri. P.P. Thomas.
Puthenchakkalakkal.
Malicakal Road.
Thevara P.O. Kochi 682 013.
} Appellant

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
റവന്യൂ ഓഫീസർ,
കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ.
കോർപ്പറേഷൻ ഓഫീസ്, പി.ബി. നം 1016,
എറണാകുളം, കൊച്ചി – 682 011.

അപ്പീൽ അധികാരി &
എക്സിക്യൂട്ടീവ് എൻജിനിയർ – I.
ടൗൺപ്ലാനിംഗ് വിഭാഗം,
കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ.
കോർപ്പറേഷൻ ഓഫീസ്, പി.ബി. നം 1016,
എറണാകുളം, കൊച്ചി – 682 011.
} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 21.10.2020 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 05.11.2020 |
| ഒന്നാംഅപ്പീൽ | 23.12.2020 |
| അപ്പീൽ അധികാരിയുടെ തീരുമാനം | --- |
| രണ്ടാംഅപ്പീൽ | 16.03.2020 |
| ഹിയറിംഗ് തീയതി | 12.10.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി | ഹാജരായിരുന്നു |
| അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, കൊച്ചി കോർപ്പറേഷൻ ഡിവിഷൻ- 59 മാളിയേക്കൽ റോഡിൽ ശ്രീ. ജോയ് തോമസിന്റെ ഉടമസ്ഥത യിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം ബിൽഡിംഗ് നമ്പർ, പ്ലാൻ, സ്കെച്ച് തുടങ്ങിയവയുടെ വിശദവിവരങ്ങൾ, ശ്രീ. ജോയ് തോമസിന്റെ ഉടമസ്ഥതയിൽ നിർമ്മിച്ചിരിക്കുന്ന ബിൽഡിംഗിന്റെ എക്സ്റ്റൻഷൻ വർക്കിന് അനുമതി നൽകിയിട്ടു ണ്ടോ, ടിയാൻ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ടെറസ്സിൽ കുറച്ചു നാളുകൾക്ക് മുമ്പ് മുറികൾ നിർമ്മിച്ച് വാടകയ്ക്ക് നൽകിയിരിന്നു. ഇതിന് ആവശ്യമായ നിർമ്മാണ അനുമതി നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ബിൽഡിംഗ് നമ്പർ, ബിൽഡിംഗ് പ്ലാൻ, സ്കെച്ച് വിശദവിവരങ്ങൾ, ടിയാൻ നിർമ്മിച്ചിരിക്കുന്ന മൂന്ന് നില കെട്ടിടത്തിന്റെ പാർക്കിംഗ് സ്പെയ്സ്, ഏര്യ അളവുകൾ, മൂന്ന് നില കെട്ടിട ത്തിന്റെ തെക്കുവശത്തുള്ള 7 അടി വീതിയിലുള്ള സ്വകാര്യ വഴിയിൽ നിന്നുള്ള സെറ്റ് ബാക്ക് ഡിസ്റ്റൻസ് അളവുകൾ എന്നിങ്ങനെയാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ടെലിഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷിയും അപ്പീൽഹർജിക്കാരനും പങ്കെടുത്തിരുന്നു.

3. ശ്രീ. കനാട്ട് ജോയിയുടെ ബിൽഡിംഗിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ആവശ്യ പ്പെട്ടുകൊണ്ട് എൻജിനീയറിംഗ് വിഭാഗത്തിനും റവന്യൂ വിഭാഗത്തിനും അപേക്ഷ സമർപ്പിരുന്നു എന്നും റവന്യൂ വിഭാഗം ബിൽഡിംഗ് നമ്പർ വിവരങ്ങൾ നൽകി എന്നും എന്നാൽ എൻജിനീയറിംഗ് വിഭാഗത്തിൽ നിന്ന് നാളിതുവരെ വിവരം നൽകിയിട്ടില്ല എന്നുംമറ്റുമാണ് അപ്പീൽഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്.

4. കെട്ടിടത്തിന്റെ നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട ഫയൽ നമ്പർ ലഭ്യമല്ലാത്ത തിനാൽ ബിൽഡിംഗ് പ്ലാൻ, സ്കെച്ച് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല എന്നും നഗരസഭയിൽ ലഭ്യമായ 2005 വർഷം മുതലുള്ള കെട്ടിട നിർമ്മാണാനുമതി യുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ ശ്രീ. ജോയി തോമസ് എന്ന യാളുടെ പേരിൽ അനുവദിച്ച കെട്ടിടനിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട ഫയൽ

കണ്ടെത്താൻ കഴിഞ്ഞില്ല എന്നും പെർമിറ്റ് നമ്പർ ലഭ്യമല്ലാത്തതിനാൽ ആവശ്യപ്പെട്ട രേഖകൾ നൽകാൻ നിർവ്വാഹമില്ല എന്നും പെർമിറ്റ് നമ്പർ നൽകിയാൽ മാത്രമേ വിവരം നൽകാൻ കഴിയു എന്നാണ് എസ്.പി.ഐ.ഒ അറിയിച്ചിട്ടുളളത്.

5. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിച്ചതിൽ, അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമായിട്ടില്ല എന്ന വിവരം കമ്മീഷന് ബോദ്ധ്യപ്പെട്ടു. അപ്പീൽഹർജിക്കാരന്റെ കുടുംബത്തിന്റെ ദൈനംദിന ജീവിതത്തെ ബാധിക്കുന്നതുമായി ബന്ധപ്പെട്ടുളള പ്രശ്നപരിഹാരത്തിനുവേണ്ടിയാണ് അപേക്ഷ നൽകിയിട്ടുളളത്. ടി കെട്ടിടത്തിന്റെ എക്സറ്റൻഷൻ വർക്കുമായി ബന്ധപ്പെട്ട് നഗരസഭയിൽ നിന്നും പെർമിറ്റ് അനുവദിച്ചതുമായ ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ നേരിട്ട് സ്ഥല പരിശോധന നടത്തുകയും ശ്രീ. ജോയ് എന്നയാളുടെ ഉടമസ്ഥതയിലുളള നഗരസഭയിൽ നിന്നും 2 നിലവരെ കെട്ടിട നമ്പറുകൾ അനുവദിച്ച കെട്ടിടത്തിന്റെ ടെറസ് ഫ്ളോറിൽ മുറി, ടോയ്ലെറ്റ് എന്നിവ നിർമ്മിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്ന് ഒന്നാം അപ്പീൽ തീരുമാനത്തിൽ പരാമർശിച്ചിട്ടുളളതായി കാണുന്നു. അപ്പീൽഹർജിക്കാരന്റെ വീട്ടിലേയ്ക്കുളള സ്വകാര്യ വഴിയിൽ, ശ്രീ. ജോയ് തോമസ് നിർമ്മിച്ചിരിക്കുന്ന കെട്ടിടം മതിയായ പാർക്കിംഗ് സ്പേസ് ഇല്ലാത്തതിനാൽ ആ കെട്ടിടത്തിൽ വാടകയ്ക്ക് താമസിക്കുന്നവരും അവരുടെ സന്ദർശകരും ടി വഴിയിൽ വണ്ടികൾ പാർക്ക് ചെയ്യുന്നതു കാരണം ഗതാഗത തടസ്സം ഉണ്ടാകുന്നതു സംബന്ധിച്ചാണ് അപേക്ഷകൻ വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചത്. മേൽ വസ്തുതകൾ വിലയിരുത്തുമ്പോൾ ഒരു മാനുഷിക പരിഗണന അർഹിക്കുന്ന വിഷയമാണ് എന്ന് കമ്മീഷൻ വിലയിരുത്തുന്നു. പെർമിറ്റ് നമ്പർ ലഭ്യമായാൽ മാത്രമേ വിവരം ലഭ്യമാക്കാൻ കഴിയൂ എന്നാണ് എസ്.പി.ഐ.ഒ അറിയിച്ചത്. മറ്റൊരു വ്യക്തിയുടെ പെർമിറ്റ് സംബന്ധമായ വിവരങ്ങൾ നൽകാൻ അപ്പീൽഹർജിക്കാരന് കഴിയില്ല. എന്നാൽ കെട്ടിട നമ്പർ സംബന്ധിച്ച വിവരം നൽകിയിട്ടുളളതായി അപ്പീൽഹർജിക്കാരൻ അറിയിച്ചിട്ടുണ്ട്. എന്നാൽ ടി നമ്പർ മാത്രം വച്ച് വിവരം നൽകാൻ കഴിയില്ല എന്ന എസ്.പി.ഐ.ഒയുടെ മൊഴിയുടെ വെളിച്ചത്തിൽ, പ്രസ്തുത കെട്ടിട നിർമ്മാണത്തിന് നഗരസഭയിൽ നിന്ന് ശ്രീ. ജോയി തോമസിന് അനുമതി നൽകിയിട്ടുളളതിന്റെ രേഖകൾ ടിയാനിൽ നിന്ന് ശേഖരിച്ച് ടി അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം അടിയന്തിരമായി അപ്പീൽ ഹർജിക്കാരന് നൽകേണ്ടതാണ്. ഈ ഉത്തരവ്

കിട്ടി 15 ദിവസത്തിനുള്ളിൽ കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

6. അപേക്ഷയ്ക്ക് ആധാരമായ കെട്ടിടം പരിശോധിച്ച് അനധികൃത നടപടി നടന്നിട്ടുണ്ടെങ്കിൽ ഒരു മാനുഷിക പരിഗണന എന്നനിലയിൽ നഗരസഭ ഇടപ്പെട്ട് പ്രശ്ന പരിഹാരത്തിന് ശ്രമിക്കേണ്ടതാണ്.

7. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2021 നവംബർ മാസം 5–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMAT